**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 195** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഉല്പാദന വിതരണ രംഗത്തെ സഹകരണ മേഖല പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എച്ച്. സലാം,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്ന വിധത്തിൽ ഉല്പാദന രംഗത്ത് മികച്ച രീതിയിലുള്ള ശേഖരണവും വിതരണവും ഉറപ്പാക്കുന്നതിനായി സഹകരണ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്ന വിധത്തിൽ ഉത്പാദന രംഗത്ത് മികച്ച രീതിയിലുള്ള ശേഖരണവും വിതരണവും ഉറപ്പാക്കുന്നതിനായി സഹകരണ മേഖലയിൽ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു :-<br><br>1. "**സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണമേഖലയുടെ നൂതന പദ്ധതി":** ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്ന വിധത്തിൽ മികച്ച ഉൽപ്പന്ന ശേഖരണവും വിതരണവും ഉറപ്പുവരുത്തുന്നതിനായി കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദനം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവ പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാന വ്യാപകമായി ആരംഭിച്ചിട്ടുള്ള പദ്ധതിയാണിത്. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിയിലൂടെ 20 സഹകരണ സംഘങ്ങൾക്ക് 743.50 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ധനസഹായം അനുവദിക്കുന്നതിനായി 3450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>2. "**സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം":** സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപാദനം, സംസ്കരണം, വിപണനം എന്നിവിയിലേർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഉൽപ്പന്നങ്ങളുടെ വിപണനം, പുതിയ ഔട്ട് ലെറ്റുകൾ സ്ഥാപിക്കൽ/ നവീകരണം, കയറ്റുമതി പ്രവർത്തനങ്ങളുടെ പ്രോത്സാഹനം എന്നിവയ്ക്കായി 2023-2024 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണിത്. ടി പദ്ധതിയുടെ നടത്തിപ്പിനായി |

2023-2024 സാമ്പത്തിക വർഷം 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നെല്ല് സംസ്കരിച്ച് വിപണനം നടത്തുന്നതിനായി ആധുനിക സാങ്കേതിക വിദ്യയോടു കൂടിയ അരി മില്ല് ഉൾപ്പെടെ പാലക്കാട് ജില്ലയിൽ പാലക്കാട് പാഡി പ്രൊക്വയർമെന്റ്, പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നം. പി. 1449 (PAPCOS) ഉം കോട്ടയം ആസ്ഥാനമായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം. 4505 (KAPCOS)ഉം പ്രവർത്തിച്ചു വരുന്നു.

സഹകരണ മേഖലയിലെ ഉത്പന്നങ്ങളെ "coopkerala" എന്ന ഒറ്റ ബ്രാൻഡിനു കീഴിലാക്കി വിപണനം നടത്തുന്നതിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ച " ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി ജില്ലകളിൽ ആരംഭിച്ചിട്ടുള്ള Coopmart മുഖേന സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണനം നടത്തി വരുന്നുണ്ട്. ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിന് വേണ്ടി സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് വിവിധ സഹകരണ സംഘങ്ങൾ നേരിട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കീഴിൽ മാതൃക കൃഷിത്തോട്ടം സജ്ജീകരിച്ച് നെല്ല് കൃഷി, മരച്ചീനി, മഞ്ഞൾ, ചേന, പച്ചക്കറി, ഇഞ്ചി, ഉഴുന്ന് തുടങ്ങിയ കൃഷികൾ ചെയ്തു വരുന്നു. സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 410 സംഘങ്ങൾ 608.24 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ തുടർച്ചയായി ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കുക എന്ന പദ്ധതിയും 2023ൽ ആരംഭിച്ചിട്ടുണ്ട്. ഒപ്പം 2023 അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറു-ധാന്യ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ധാന്യ വിളകൾക്കും പദ്ധതി പ്രാധാന്യം നൽകുന്നുണ്ട്. കൺസ്യൂമർഫെഡ് മലപ്പുറം ജില്ലയിലെ കോഡൂർ സർവ്വീസ് സഹകരണ ബാങ്ക് ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണ ത്രിവേണി ബ്രാൻഡിൽ വിതരണം ചെയ്തു വരുന്നു.

ഇടുക്കി ജില്ലയിലെ തങ്കമണി സർവ്വീസ് സഹകരണ സംഘം കർഷകരിൽ നിന്നും നേരിട്ട് കൊളുന്ത് വാങ്ങി ഉത്പാദിപ്പിക്കപ്പെടുന്ന തേയില ത്രിവേണി ബ്രാൻഡിൽ വിൽപ്പന നടത്തി വരുന്നു. സഹകരണ മേഖലയിലെ ഉൽപ്പാദന രംഗത്ത് പ്രവർത്തിക്കുന്ന വിവിധ

| | | | |
|---|---|---|---|
| | | | സഹകരണ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ ത്രിവേണികളിൽ പ്രത്യേകമായി സഹകരണ കോർണർ തയ്യാറാക്കി ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ച് വിൽപ്പന നടത്തി വരുന്നുണ്ട്. |
| (ബി) | ഉല്പാദന രംഗത്ത് കൺസ്യൂമർ ഫെഡറേഷൻ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | തൃശ്ശൂർ ജില്ലയിൽ കുന്നംകുളത്ത് കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് വഴി ഗുണനിലവാരമുള്ള ത്രിവേണി നോട്ട് ബുക്കുകൾ, കമ്പ്യൂട്ടർ ഫോംസ് എന്നിവയുടെ നിർമ്മാണം നടത്തി വരുന്നു. |
| (സി) | ഓൺലൈൻ ഷോപ്പിംഗിനുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിച്ചിട്ടുണ്ടോ; | (സി) | “ ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് “ പദ്ധതിയുടെ ഭാഗമായി ഇ.സെല്ലിംഗ് മൊബൈൽ ആപ്ലിക്കേഷൻ ആന്റ് വെബ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ(E-selling mobile application software) തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. ആദ്യഘട്ടത്തിൽ ഔട്ട് ലെറ്റുകൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ് സൈറ്റ് മഖേനയോ ഉല്പാദക സംഘങ്ങളിലേയ്ക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കാൻ കഴിയും വിധമുള്ള സോഫ്റ്റ് വെയർ ആണ് തയ്യാറാക്കുന്നത്. അടുത്ത ഘട്ടത്തിൽ ഉപഭോക്താക്കൾക്കും ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയും വിധമുള്ള സോഫ്റ്റ് വെയർ പ്രാബല്യത്തിൽ വരുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ഡി) | സ്റ്റുഡന്റ് മാർക്കറ്റുകൾ ഫലപ്രദമായി സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | വിദ്യാർത്ഥികൾക്ക് പൊതു വിപണിയേക്കാൾ വിലകുറച്ച് സാധനങ്ങൾ ലഭ്യമാക്കുന്നതിനായി 2023 സ്കൂൾ സീസണിൽ 500 സ്റ്റുഡന്റ്സ് മാർക്കറ്റുകൾ കൺസ്യൂമർഫെഡ് സംഘടിപ്പിച്ചു. സ്കൂൾ ബാഗുകൾ, കുടകൾ, വാട്ടർ ബോട്ടിലുകൾ, പെൻസിൽ, പേന തുടങ്ങി ത്രിവേണി നോട്ടുബുക്കുകൾ ഉൾപ്പെടെ വിദ്യാർത്ഥികൾക്കാവശ്യമായ എല്ലാ സാധനങ്ങളും നൽകുവാൻ കൺസ്യൂമർഫെഡിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ മറ്റു സഹകരണ സംഘങ്ങളും ഫലപ്രദമായ രീതിയിൽ സ്റ്റുഡന്റ്സ് മാർക്കറ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ